ഞാനറിഞ്ഞ ഫ്രാൻസീസ്

പ്രൊഫ. സ്കറിയാ സക്കറിയ

വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ചിത്രം മനസ്സിൽ തെളിഞ്ഞുകിട്ടുന്നത് എന്റെ ബാല്യാനുഭവങ്ങളിലൂടെയാണ്. ഞങ്ങളുടെ ഗ്രാമീണദേവാലയത്തിൽ വിശുദ്ധന്റെ രൂപവും അല്മായരുടെ ഫ്രാൻസിസ്കൻ സംഘവും ഉണ്ടായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാംസഭയിൽ സജീവപ്രവർത്തകനായിരുന്നു ഞങ്ങളുടെ അപ്പൻ. ഉന്നതവിദ്യാഭ്യാസത്തിന്റെ ആനുകൂല്യങ്ങളൊന്നും ലഭിച്ചിരുന്നില്ലെങ്കിലും ഏതു വിഷയവും ചോദിച്ചും വായിച്ചും ചർച്ച ചെയ്തും മനസ്സിലാക്കുന്ന പ്രകൃതക്കാരനായിരുന്നു അപ്പൻ. മൂന്നാം സഭക്കാരുടെ പല തലത്തിലുള്ള സമ്മേളനങ്ങളിൽ പങ്കെടുത്തു മടങ്ങിവരുമ്പോൾ പുതിയ പുതിയ അറിവുകൾ വിശുദ്ധനെക്കുറിച്ച് ഞങ്ങൾക്ക് പങ്കുവച്ചുതന്നിരുന്നു. അങ്ങനെയുള്ള ഏതോ മുഹൂർത്തത്തിലാണ് ഫ്രാൻസീസ് അസ്സീസിയുടെ ഒരു ജീവചരിത്രം കൈയിൽ കിട്ടിയത്. ലിയോഅച്ചൻ എഴുതിയ അസ്സീസിയുടെ ജീവചരിത്രം. ഞങ്ങളുടെ വീട്ടിൽ വിലകൊടുത്തുവാങ്ങി സൂക്ഷിച്ചിരുന്ന ചുരുക്കം ചില ആധ്യാത്മികഗ്രന്ഥങ്ങളിൽ ബൈബിൾ കഴിഞ്ഞാൽ, എന്റെ മനസ്സിൽ സ്ഥാനം പിടിച്ചത് ഈ ഗ്രന്ഥമാണ്. ചുരുക്കിപ്പറഞ്ഞാൽ, അപ്പന്റെ ജീവിതചര്യ, ലിയോ അച്ചൻ

നമ്മുടെ ദൗർബല്യങ്ങൾ
കണ്ടറിഞ്ഞ് നമ്മുടെ
ജീവിതത്തിലേക്ക്
നിലാവുപോലെ
കടന്നുവരുന്ന ഈ രണ്ടാം
ക്രിസ്തുവിനെ
ക്രൈസ്തവരല്ലാത്തവരും
ഉള്ളഴിഞ്ഞു വണങ്ങുന്നു.

എഴുതിയ ചരിത്രം എന്നിവയിലൂടെ എന്റെ ബാല്യകാലസമ്പത്തായിത്തീർന്നതാണ് ഫ്രാൻസിസ്കൻ പരിചയം. അതു വേണ്ടിടത്തോളം വളർത്തിയെടുക്കാൻ ജീവിതവ്യഗ്രതകൾക്കിടയിൽ കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മയായി എനിക്കു അനുഭവപ്പെടുന്നു. എങ്കിലും ചെറുപ്പത്തിൽ ലഭിച്ചത് നഷ്ടപ്പെടുത്താതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

പ്രായപൂർത്തിയായതു മുതൽ ഇന്നോളം ഉരുവിടുന്ന പ്രിയപ്പെട്ട പ്രാർത്ഥനകളിൽ 'സ്വർഗസ്ഥനായ പിതാവേ' എന്ന കർത്തൃപ്രാർത്ഥന കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം ഫ്രാൻസീസ് അസ്സീസിയുടെ പ്രാർത്ഥനക്കാണ്. 'കർത്താവേ, എന്നെ നിന്റെ സമാധാനത്തിന്റെ ഉപകരണമാക്കണമേ...' എന്നു തുടങ്ങി 'മരിക്കുമ്പോഴാണ് നാം നിത്യജീവനിലേക്കു പ്രവേശിക്കുക' എന്നു ചൊല്ലിയവസാനിപ്പിക്കുമ്പോൾ അനുഭവപ്പെടുന്നത് ക്രൈസ്തവികതയുടെ വിശാലമേഖലകളിൽ ഓട്ടപ്രദക്ഷിണം നടത്തി മടങ്ങിവരുന്ന തീർത്ഥാടകന്റെ ഉൾനിറവാണ്. അനുദിനജീവിതത്തിന്റെ വല്ലായ്മകളിൽ അകപ്പെട്ടു പരാതിയും പരിഭവവും അമർഷവും നിറഞ്ഞു മ്ലാനമാകുന്ന 'പാവം മാനവഹൃദയം' നീർച്ചാലുകൾക്കരികിലെ പച്ചപ്പുൽത്തകിടിയിൽ അഭയം കണ്ടെത്തുന്നതുപോലെയാണ് ഈ പ്രാർത്ഥനാനുഭവം. ക്ഷമിക്കാനും മറക്കാനും സ്നേഹിക്കാനും സഹകരിക്കാനും ശാന്തിതേടാനും സ്നേഹപൂർവം നിർബന്ധിക്കുന്ന ഒരു ദിവ്യമന്ത്രംപോലെ അനുഭവപ്പെടുന്ന അസ്സീസിയുടെ പ്രാർത്ഥന വെറുമൊരു സ്വകാര്യാനുഭവമല്ല എനിക്ക്. മണിക്കൂറുകളിലേക്കും ത്രികാലങ്ങളിലേക്കും വ്യാപിച്ചുനിന്നിരുന്ന പഴയ കുടുംബപ്രാർത്ഥന മിനിറ്റുകളിലേക്കു ചുരുങ്ങിപ്പോയപ്പോഴും എനിക്കും എന്റെ കൊച്ചുകുടുംബത്തിനും ഒന്നിച്ചുചൊല്ലാൻ കഴിയുന്ന പ്രാർത്ഥനയാണ് അസ്സീസിയുടേത്. ഇരുപത്തഞ്ചുവർഷത്തോളം ഞാൻ ജോലി ചെയ്തിരുന്ന എന്റെ മാതൃകലാലയമായ സെന്റ് ബർക്കുമാൻസ് കോളജിന്റെ കലണ്ടറിൽ, അതും പുറംചട്ടയിൽ തന്നെ, സർവമതപ്രാർത്ഥനയായി അച്ചടിച്ചു കാണുന്നതു ഫ്രാൻസീസ് അസ്സീസിയുടെ പ്രാർത്ഥനയാണ്. ഇംഗ്ലീഷ് പ്രൊഫസർ കെ.വി. ജോസഫ് കോളജ്കലണ്ടറിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഈ പതിവ് തുടങ്ങിയതെന്ന് തോന്നുന്നു. ഇതിൽ വിസ്മയമില്ല. അല്മായർക്ക് വിശുദ്ധ ഫ്രാൻസീസിനോട് പ്രത്യേകമായ അടുപ്പം തോന്നുന്നു. കേരളത്തിൽ അല്മായരുടെ ഇടയിൽനിന്ന് വിശുദ്ധരുടെ ഔദ്യോഗിക പട്ടികയിലേക്കു ആദ്യം പരിഗണിക്കാവുന്നത് കേരള അസ്സീസി എന്ന് അറിയപ്പെടുന്ന പുത്തൻപറമ്പിൽ തൊമ്മച്ചനാണല്ലോ. ഇക്കാര്യം ആദ്യം പ്രഖ്യാപിച്ചത് പുണ്യശ്ലോകനായ കാവുകാട്ടുപിതാവാണ് എന്നുകൂടി ഓർമിക്കുക.

നമ്മുടെ ദൗർബല്യങ്ങൾ കണ്ടറിഞ്ഞ് നമ്മുടെ ജീവിതത്തിലേക്ക് നിലാവുപോലെ കടന്നുവരുന്ന ഈ രണ്ടാംക്രിസ്തുവിനെ ക്രൈസ്തവരല്ലാത്തവരും ഉള്ളഴിഞ്ഞു വണങ്ങുന്നു. മനുഷ്യനെയും ദൈവത്തെയും പ്രകൃതിയെയും കൂട്ടിയിണക്കി നമ്മുടെ ഐഹികജീവിതത്തെ വലംവച്ചു കളംവരയ്ക്കുന്ന ഫ്രാൻസീസിനെക്കുറിച്ച് കസാൻദ്സാക്കിസ് എഴുതിയ അമൃതവചനങ്ങൾ മനസ്സിന്റെ മരുഭൂമികളിലേക്ക് മഞ്ഞുപോലെ പെയ്തിറങ്ങിയ അനുഭവം മറന്നിട്ടില്ല. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ത്യാഗപൂർവ്വം ഉറച്ചുനിന്ന ബോഫ് ഫ്രാൻസീസിനെക്കുറിച്ച് എഴുതിയതു വായിക്കാൻ മനസ്സ് വ്യഗ്രതപ്പെട്ടുനിൽക്കുന്നു. ഉടനെ വായിച്ചു തീർക്കേണ്ട മറ്റു പല പുസ്തകങ്ങളും മേശപ്പുറത്തുണ്ടെങ്കിലും ഫ്രാൻസീസിനെക്കുറിച്ചുള്ള ബോഫിന്റെ ദർശനത്തിനായി ഗ്രന്ഥശാലകളിലും പുസ്തകശാലകളിലേക്കും എന്റെ കണ്ണുകൾ ഇടറുന്നു. ഇവയെല്ലാം വിശുദ്ധ ഫ്രാൻസീസുമായി ബന്ധപ്പെടാൻ എന്റെ ഹൃദയത്തിനുള്ള അഭിനിവേശമായി വ്യാഖ്യാനിക്കാവുന്നതാണ്.സ്വന്തം പരിമിതികളെക്കുറിച്ചുള്ള ബോധമുദിക്കുമ്പോഴെല്ലാം ഹൃദയം മന്ത്രിക്കുന്നു - നിനക്കും കടന്നുചെല്ലാവുന്ന തിരുമുറ്റത്ത് ലളിതമായ അനുസരണയുടെ കുസൃതിയിൽ പൊതിഞ്ഞ സൗമ്യമായ തിരസ്കാരങ്ങളുടെ പുഞ്ചിരിയോടെ സ്നേഹകരങ്ങൾ നീട്ടി ഫ്രാൻസീസ് പുണ്യവാളൻ കാത്തുനിൽക്കുന്നു.

1995 ഒക്ടോബർ

